# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5423 | 31.10.2016 -ൽ മറുപടിയ്ക്ക് |
|---|---|

### കുട്ടികളുടെ ശ്രദ്ധയ്ക്കും സംരക്ഷണത്തിനും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| **ശ്രീ. റ്റി.വി. രാജേഷ്** | | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) | 2014- ലെ കേരളാ ജുവനൈൽജസ്റ്റീസ് (care and protection of children) ചട്ടങ്ങൾ പ്രകാരം കുട്ടികളുടെ ശ്രദ്ധയ്ക്കും സംരക്ഷണത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ ഇതേവരെ കേരളത്തിൽ എത്ര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും കാലപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2000 ലെ ജുവനൈൽജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട്, 2014 ലെ ജുവനൈൽജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ) ചട്ടങ്ങളിലെ ചട്ടം 36 1 (a)പ്രകാരവും കുട്ടികളുടെ ശ്രദ്ധയും സംരക്ഷണത്തിനുമായി പ്രവർത്തിക്കുന്ന എല്ലാ ചിൽഡ്രൻസ് ഹോമുകളും രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥയുണ്ട്.<br><br>അപ്രകാരം കേരളത്തിൽ മൂന്ന് സ്ഥാപനങ്ങൾക്ക് മാത്രമേ ജെ.ജെ രജിസ്ട്രേഷൻ നൽകിയിട്ടുള്ളൂ. അവയുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1) ചിൽഡ്രൻസ് ഹോം,<br>മയ്യനാട് ഗ്രാമ പഞ്ചായത്ത്,<br>കൊല്ലം.<br>(2) അഞ്ജനം ചിൽഡ്രൻസ് ഹോം<br>ക്വയിലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റി ,<br>ഫാത്തിമ റോഡ്, കൊല്ലം.<br>(3) സെന്റ്. വിൻസെന്റ് ഗേൾസ് ഹോം,<br>കോൺവെന്റ് റോഡ്,<br>കോഴിക്കോട്. |

| | | | |
|---|---|---|---|
| | | | 2015- ലെ ജുവനൈൽജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടിലെ വകുപ്പ് 41 പ്രകാരം 2016 ജനവരി 15 മുതൽ 6 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു.<br>എന്നാൽ ചില ഓർഫനേജ് അധികൃതരും അവരുടെ സംഘടനയും ബഹു. ഹൈക്കോടതി മുൻപാകെ സമർപ്പിച്ച പരാതികളുടെ അടിസ്ഥാനത്തിൽ WP(c)No.13869/2016 & WP(c)No. 14858/2016) 07.04.2016 മുതൽ 3 മാസകാലത്തേയ്ക്ക് തൽസ്ഥിതി തുടരേണ്ടതാണെന്ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പിന്നീട് WP(c)No.13869/2016(G) dated :07/07/2016 ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ എടുക്കുന്നതിന്റെ സമയപരിധി നാല് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ബഹു. കേരളാ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. |
| (ബി) | ഇതേവരെ രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ? | ബി) | 2015 ജുവനൈൽജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടിലെ സെക്ഷൻ 41 പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ 2016 നവംബർ 7-ാം തീയതി വരെ ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുകയാണ്.<br>സമയപരിധിക്കുള്ളിൽ രജിസ്ട്രേഷനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് ഒരു വർഷം വരെയുള്ള തടവോ ഒരു ലക്ഷം രൂപയിൽ കുറയാത്ത ഫൈനോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്നതാണ് (2015 ജുവനൈൽ ജസ്റ്റിസ് ആക്ടിലെ സെക്ഷൻ 42). കൂടാതെ രജിസ്ട്രേഷന് അപേക്ഷിക്കുവാൻ താമസിക്കുന്ന ഓരോ 30 ദിവസവും പ്രത്യേക കുറ്റമായി പരിഗണിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ